പി.സി., എൻ.എച്ച്.പി.സി. തുടങ്ങിയ കേന്ദ്ര സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാർ പ്രോത്സാഹനം നൽകുകയും അവയിൽ പങ്കാളികളാവുകയും ചെയ്യണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. കൂടാതെ, കാവേരി നദീജലമുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാർ ആലോചിക്കുന്നതായി മനസ്സിലാക്കിയതിനെത്തുടർന്ന് ഈ പദ്ധതിയിൽ നിന്ന് കേരളത്തിനർഹമായ വിഹിതം ലഭ്യമാക്കണമെന്ന് 1999 ഫെബ്രുവരിയിൽ നടന്ന ദേശീയ വികസന സമിതിയുടെ യോഗത്തിൽ പങ്കെടുത്തുകൊണ്ട് മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനത്തെ റെയിൽവേയുടെ വികസനത്തിന് മുൻതൂക്കം നൽകണമെന്നും പുതിയ പാതകൾ നിർമ്മിക്കുന്നതിനു പുറമെ നിർദ്ദിഷ്ട പാതയിരട്ടിപ്പിക്കൽ നടപടികൾ ത്വരിതപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്.

ഗസറ്റഡ്/നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ

15 (726)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ എത്ര ഗസറ്റഡ്/നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സസ്പെന്റ് ചെയ്ത് 6 മാസത്തിനുള്ളിൽ തിരിച്ചെടുത്ത ഐ.എ.എസ്./ഐ.പി.എസ്. ഗസറ്റഡ്/നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ വിവരം നൽകുമോ;

(ഡി) 6 മാസത്തിനും ഒരു വർഷത്തിനുമിടയിൽ തിരിച്ചെടുത്തവരുടെ വിശദവിവരം നൽകുമോ;

(ഇ) 2 വർഷം ആയിട്ടും തിരിച്ചെടുക്കാത്തവരുടെ വിവരം ഇനം തിരിച്ച് നൽകുമോ;

(എഫ്) 3 വർഷത്തിനുശേഷവും തിരിച്ചെടുക്കാതെ അവശേഷിക്കുന്നവരുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ജി) സസ്പെൻഷൻ റിവ്യൂ ചെയ്യാൻ ഇന്നുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) രണ്ടുവർഷത്തിനുശേഷവും സസ്പെൻഷനിൽ തുടരുന്നവരുടെ കേസുകൾ അവസാനമായി റിവ്യൂ ചെയ്തത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ഐ) 2 വർഷത്തിനുശേഷവും സസ്പെൻഷൻ പിൻവലിക്കാതിരിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 9 അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ 286 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരേയും 356 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരേയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ 5 ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും 3 ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരും ഉണ്ട്.

(സി) ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ തിരിച്ചെടുത്തിട്ടുണ്ട്. മറ്റു ഗസറ്റഡ്, നോൺ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരില്ല.

(ഡി) ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനേയും 8 ഗസറ്റഡ്, 28 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരേയും തിരിച്ചെടുത്തിട്ടുണ്ട്.

(ഇ) ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ ആരുമില്ല. 45 ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും. 51 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും ഉണ്ട്.

(എഫ്) ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ ആരും തന്നെയില്ല. 32 ഗസറ്റഡ് ഉദ്യോഗസ്ഥരും 36 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരും ഉണ്ട്.

(ജി) വിജിലൻസ് വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് സെക്രട്ടറി, വിജിലൻസ് ഡയറക്ടർ, വിജിലൻസ് അഡീഷണൽ സെക്രട്ടറി എന്നിവരുൾപ്പെട്ട റിവ്യൂ കമ്മിറ്റി 6 മാസത്തിൽ കൂടുതൽ സസ്പെൻഷനിൽ നിൽക്കുന്നവരുടെ കേസുകൾ റിവ്യൂ ചെയ്യാറുണ്ട്.

(എച്ച്) 16.8.99-ൽ.

(ഐ) സസ്പെൻഷനിലിരിക്കുന്നവരെ അവരുടെ പേരിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സിന്റെ സുഗമമായ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കുകയില്ലെന്ന് ബോദ്ധ്യമായാൽ മാത്രമേ അവരെ തിരിച്ചെടുക്കാറുള്ളൂ.

അനെർട്ടിലെ നിയമനം

16 (727) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി അഹമ്മദ് അലി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ അടുത്ത കാലത്ത് ഏതെല്ലാം തസ്തികകളിൽ എത്രപേരെ വീതം നിയമിച്ചു എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഏത് ഏജൻസി വഴിയാണ് നിയമനം നടത്തിയത്;

(സി) ഇത് സംബന്ധിച്ച അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നല്കിയിരുന്നോ;

(ഡി) നിയമനം ലഭിച്ചവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(ഇ) എസ്.സി./എസ്.ടി. വിഭാഗത്തിൽനിന്നും എത്രപേരെ നിയമിച്ചു;

(എഫ്) ഒ.ബി.സി. വിഭാഗത്തിൽ നിന്നും എത്രപേരെ നിയമിച്ചു;

(ജി) നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly